DESPATCHED On 23/12/21

04/12/21



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1384(4)/*2017/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.9571/*എസ്.ഐ.സി-ജി 2/2017*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

(തീയതി: 04-12-2021)

ശ്രീ. അഖിലേഷ്.വി.എസ്,
സരസ്വതീയം, മരമറുത്തകോൺ, ആട്ടുകാൽ
പനയമുട്ടം പി.ഒ, നെടുമങ്ങാട്.
തിരുവനന്തപുരം — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   പേഴ്സണൽ മാനേജർ, പേഴ്സണൽ വിഭാഗം
   ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം
2. അപ്പീൽ അധികാരി & ചെയർമാൻ
   മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
   ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം — എതിർകക്ഷികൾ

## ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 17-09-2021ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകാൻ ചുമതലയുണ്ടായിരുന്ന ഒന്നാം എതിർകക്ഷിയുടെ ഓഫീസിലെ പേഴ്സണൽ വിഭാഗം PL1 സീറ്റിന്റെ ചുമതല വഹിച്ചിരുന്ന ശ്രീമതി. എസ് ശ്രീദേവി കമ്മീഷൻ മുമ്പാകെ നേരിട്ട് ബന്ധപ്പെട്ട ഫയൽ രേഖകളുമായി 07-10-2021ൽ ഹാജരാകണം എന്നാണ്

നിർദ്ദേശിച്ചിരുന്നത്. നേരത്തെ എസ്.പി.ഐ.ഒ ആയിരുന്ന ശ്രീ ഷംസുദ്ദീനോടും അന്നേ ദിവസം കമ്മീഷനു മുമ്പാകെ ഹാജരാകാൻ നിർദ്ദേശിച്ചിരുന്നു.

2. ഇതിന്റെ അടിസ്ഥാനത്തിൽ ടി രണ്ടു കക്ഷികളും 07-10-2021 ൽ കമ്മീഷൻ മുമ്പാകെ ഹാജരായി.

3. വിവരാവകാശ അപേക്ഷയ്ക്ക് 32 ദിവസം കഴിഞ്ഞാണ് മറുപടി നൽകിയത്. അത് കിട്ടുന്ന മുറയ്ക്ക് നൽകാം എന്നായിരുന്നു. 28-06-2016 ലെ എസ്.പി.ഐ.ഒ യുടെ നോട്ട് (പ്ലാനിങ് വിഭാഗം എസ്.പി.ഐ.ഒ ക്ക്) നൽകി എങ്കിലും മറുപടി നൽകിയില്ല. 04-10-2016 നാണ് പ്ലാനിങ് വിഭാഗം മറുപടി നൽകിയത്. അതുതന്നെ 19-08-2017 ലെ കേന്ദ്രസ്ഥാനം എസ്.പി.ഐ.ഒ, രണ്ടു ദിവസത്തിനകം മറുപടി നൽകണം എന്നു കാണിച്ച് നൽകിയ അനൗദ്യോഗിക കുറിപ്പ് ലഭിച്ചതിനു ശേഷവും ആണ്. നിരവധി തവണ ആവശ്യപ്പെട്ടിട്ടും ശ്രീമതി ശ്രീദേവി 04-10-2016 ൽ മാത്രമാണ് വിവരം നൽകിയത് എന്നും അന്നത്തെ എസ്.പി.ഐ.ഒ ആയിരുന്ന ശ്രീ ഷംസുദ്ദീൻ.എസ് 27-12-2018 ൽ കമ്മീഷന് നൽകിയ കത്തിൽ പറയുന്നു. 23-10-2019 ൽ അപ്പീലധികാരിയായ കസ്റ്റമർ റിലേഷൻസ് മാനേജർ ശ്രീ എം. പ്രതാപൻ രണ്ടു ദിവസത്തിനകം വിശദീകരണം നൽകണമെന്ന് പറഞ്ഞ് കത്ത് നൽകിയിട്ട് അതിനും ശ്രീമതി എസ്. ശ്രീദേവി മറുപടി നൽകിയതായി കാണുന്നില്ല.

4. എന്നു പറഞ്ഞാൽ, ശ്രീമതി എസ്.ശ്രീദേവി ടിയാളുടെ ഓഫീസിൽ മാത്രമല്ല വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്യുന്നതിലും ഗുരുതരമായ പിഴവു കാട്ടിയിരിക്കുകയാണ്. ഇത് നടപടി ആവശ്യപ്പെടുന്ന വിഷയവുമാണ്. ആയതുകൊണ്ട്, ശ്രീമതി എസ്. ശ്രീദേവിയെ വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം ശിക്ഷിക്കാൻ കമ്മീഷൻ തീരുമാനിക്കുന്നു. ശിക്ഷ ഏർപ്പെടുത്താതിരിക്കാൻ കാരണങ്ങൾ ഉണ്ടെങ്കിൽ, ആയത് കമ്മീഷനെ രേഖാമൂലമോ, നേരിട്ടോ ബോധ്യപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ വിശദീകരണമോ, മറുപടിയോ ലഭിക്കുന്നില്ലെങ്കിൽ ടിയാൾക്ക് ഇക്കാര്യത്തിൽ കൂടുതൽ ഒന്നും

ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും. മേൽ പറഞ്ഞ പ്രകാരം ഇന്നേ ദിവസം ഡിസംബർ 4, 2021 ന് അപ്പീൽ ഹർജിയിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

pre